പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 584

6.3.2012 ൽ
മറുപടിയ്ക്ക്

## ഐ.ടി. പാർക്കുകളുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ ;<br>ശ്രീ. എ. പ്രദീപ് കുമാർ ;<br>ശ്രീ. ബി. സത്യൻ ;<br>ഡോ. കെ.ടി. ജലീൽ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും വകുപ്പ് മന്ത്രി) |
| എ) ഐ.ടി. പാർക്കുകളുടെ വികസനത്തിനായി ഈ സർക്കാർ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ; | എ) സർക്കാരിന്റെ കരട് ഐ.ടി നയത്തിൽ ഐ.ടി പാർക്കുകൾ കൂടുതലായി തുടങ്ങുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ട്. നിലവിലുള്ള ഐ.ടി പാർക്കുകളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം മറ്റ് വികസന പദ്ധതികളും നടപ്പിലാക്കി വരുന്നു. ഒരു Integrated Township മാതൃകയിൽ ആരംഭിക്കുന്ന ടെക്നോസിറ്റി പദ്ധതിക്ക് കൂടുതൽ പ്രാമുഖ്യം നൽകി അതിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഐ.ടി രംഗത്തുള്ള നിക്ഷേപ സാധ്യതകൾ മുതലാക്കാനായി ഐ.ടി കേന്ദ്രങ്ങളായ ബാംഗ്ലൂർ,ചെന്നൈ, ഹൈദരാബാദ് തുടങ്ങിയ സ്ഥലങ്ങളിൽ Road Shows, Industrial Meets തുടങ്ങിയവ നടത്തുക, ദേശീയ അന്തർദേശീയ തലങ്ങളിൽ നടത്തുന്ന ഐ.ടി മേളകളായ CeBIT, GITEX എന്നിവയിലെ പങ്കാളിത്തം NASSCOM പോലുള്ള ദേശീയ സോഫ്റ്റ് വെയർ അസോസിയേഷനുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം സംസ്ഥാനത്തെ ഐ.ടി വികസനം മെച്ചപ്പെടുത്താൻ സഹായകമാവും.<br><br>സംസ്ഥാന സർക്കാരിന്റെ Emerging Kerala 2012 എന്ന ആഗോളതല നിക്ഷേപ സംഗമത്തിൽ ഐ.ടി മേഖലയിലെ നിക്ഷേപസാധ്യതകൾ കണക്കിലെടുത്ത് IT/ITeS മേഖലയെ ഒരു Core |

| | | | |
|---|---|---|---|
| | | | Sector ആയി പരിഗണിച്ച് സംസ്ഥാനത്ത് ഈ മേഖലയിൽ കൂടുതൽ ഐ.ടി വ്യവസായം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും പദ്ധതിയുണ്ട്. |
| ബി) | മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ ഐ.ടി. പാർക്കുകളുടെ വിസ്തൃതി എത്ര ഏക്കറായി വർദ്ധിപ്പിക്കുകയുണ്ടായി ; | ബി) | മുൻസർക്കാരിന്റെ കാലത്ത് ഐ.ടി പാർക്കുകളുടെ വിസ്തൃതി 978.86 ഏക്കറിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. |
| സി) | സംസ്ഥാനത്തെ ഐ.ടി. രംഗത്ത് നിക്ഷേപം നടത്താൻ ഏതെല്ലാം സ്വകാര്യ കമ്പനികൾ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട് ; | സി) | സംസ്ഥാനത്ത് ഐ.ടി നിക്ഷേപം നടത്താൻ IBM, AEGIS, Hewlet Packard, Accenture തുടങ്ങിയ കമ്പനികൾ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇതിനുപുറമെ ടെക്നോപാർക്കിലെ കമ്പനികളായ Suntec, Infosys എന്നീ കമ്പനികളും ടെക്നോസിറ്റിയിൽ സ്ഥലമെടുത്ത് അവരുടെ പ്രവർത്തനമേഖല വിപുലീകരിക്കാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. 12000 പേർക്ക് തൊഴിൽ ലഭ്യമാക്കുന്ന Cognizant Technologies എന്ന കമ്പനിയുടെ ഒരു കാമ്പസ് ഇൻഫോപാർക്ക് രണ്ടാംഘട്ടത്തിലെ 15 ഏക്കർ സ്ഥലത്തിൽ തുടങ്ങുന്നതിനുള്ള ധാരണാപത്രത്തിൽ ഒപ്പിട്ടിട്ടുണ്ട്. ഇൻഫോപാർക്ക് കൊച്ചിയുടെ അതുല്യ കോംപ്ലക്സിൽ Cognizant Technologies, Ernst & Young എന്നിവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടുതൽ സ്വകാര്യ കമ്പനികൾ ഇൻഫോപാർക്ക് രണ്ടാംഘട്ടം, ചേർത്തല, തൃശ്ശൂർ എന്നീ പാർക്കുകളിൽ നിക്ഷേപം നടത്തുവാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. |
| ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ ഐ.ടി. സ്ഥാപനങ്ങൾ സംസ്ഥാനത്ത് തുടങ്ങിയിട്ടുണ്ട് ? | ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ടെക്നോപാർക്കിലും ഇൻഫോപാർക്കിലുമായി 55 ഓളം കമ്പനികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ